561. ഒന്നിലധികം പാത്രിയർക്കീസന്മാരെ വാഴിച്ച പിതാവ് ?

മാർ യാക്കോബ് ബുർദാന.

562. വി. റൂഹായുടെ കിന്നരം ?

മാർ അപ്രേം.

563. മാർ അപ്രേമിനെ ഓർക്കുന്ന ദിവസം ?

വലിയ നോമ്പിലെ ആദ്യ ശനിയാഴ്ച

564. മെമ്രായുടെ പ്രധാന രചയിതാവ് ?

മാർ അപ്രേം

565. പരിശുദ്ധാത്മാവിന്റെ മുരളി ?

സ്രൂഗിലെ മാർ യാക്കോബ്

566. തുബ്ദേനിൽ ഓർക്കപ്പെടുന്ന ഗാനരചയിതാക്കൾ ?

മാർ അപ്രേം, മാർ യാക്കോബ്, മാർ ബാലായി.

567. ആരുടെ ശവസംസ്ക്കാരത്തിനാണ് 1400-ൽപരം വൈദികർ സംബന്ധിച്ചത് ?

സുറിയാനി ക്കാരനായ മാർ അബ്ഹായി സന്യാസിയുടെ

568. വി. കുർബാനയിലെ പാപപരിഹാര ഗീത ?

അൻപുടയോനെ നിൻ വാതിൽ........

569. വി. കുർബാനയിലെ സ്തുതിഗീതം ?

സ്രാപ്പികളെ കണ്ടേശായ....

570. ഖണ്ഡിപ്പിന്റെ ശുശ്രൂഷയ്ക്കുശേഷം മറ നീക്കുന്നത് എന്തിനെ സൂചിപ്പിക്കുന്നു?

സ്വർഗ്ഗം തുറന്ന് കർത്താവ് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതിനെ.

571. കർത്തൃ പ്രാർത്ഥന, കർത്താവിന്റെ പ്രാർത്ഥനയോ കർത്താവു പഠിപ്പിച്ച പ്രാർത്ഥനയോ ?

കർത്താവു പഠിപ്പിച്ച പ്രാർത്ഥന.

572. കാസാ പീലാസാ ഉയർത്തി ആഘോഷിക്കുന്നത് എന്ത് അനുസ്മരിപ്പിക്കുന്നു ?

കർത്താവിന്റെ സ്വർഗ്ഗാരോഹണം.

573. കാസാ പീലാസാ ആഘോഷ സമയത്തെ കത്തിച്ച മെഴുകുതിരികൾ എന്ത് സൂചിപ്പിക്കുന്നു?

സ്വർഗ്ഗാരോഹണ സമയത്തു പ്രത്യക്ഷപ്പെട്ട മാലാഖമാരെ സൂചിപ്പിക്കുന്നു.

574. 'എന്റെ ബലഹീനതയെ ഓർക്കണമേ' എന്നു പ്രാർത്ഥിക്കുമ്പോൾ കുരിശടയാളം എവിടെ വരയ്ക്കുന്നു ?

പീലാസയുടെ പടിഞ്ഞാറെ വക്കിൽ.



575. പീലാസായുടെ തെക്കേ വക്കിൽ കുരിശടയാളം വരയ്ക്കുന്നതെപ്പോൾ?

വിശ്വാസികളായ സകല മരിച്ചുപോയവരേയും ഓർക്കുമ്പോൾ

576. തന്റെ കുടുംബാംഗങ്ങളെ ഓർക്കുമ്പോൾ പട്ടക്കാരൻ കുരിശടയാളം വരയ്ക്കുന്നതെവിടെ?

പീലാസായുടെ വടക്കേ വക്കിൽ.

577. നാലാം തുബ്ദേനിൽ ആരെയെല്ലാം ഓർക്കുന്നു?

ദൈവമാതാവിനേയും വാങ്ങിപ്പോയ പരിശുദ്ധൻമാരേയും ഓർക്കുന്നു.

578. വാങ്ങിപ്പോയ പിതാക്കൻമാർ, മല്പാന്മാർ, വിശ്വാസവീരന്മാർ എന്നിവരെയെല്ലാം ഓർക്കുന്ന തുബ്ദേൻ?

അഞ്ചാം തുബ്ദേൻ.

579. ആറാം തുബ്ദേനിൽ ആരെ ഓർക്കുന്നു?

വിശ്വാസികളായ സകല വാങ്ങിപ്പോയവരെയും, ആ ഇടവകയിൽനിന്ന് വാങ്ങിപ്പോയവരെയും അന്ന് ഏതെല്ലാം വാങ്ങിപ്പോയവരെ ഓർക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ അവരെയും ഓർക്കുന്നു.

580. രണ്ടാം റൂശ്മാ, ഒന്നാം റൂശ്മായിൽനിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.

രണ്ടാം റൂശ്മായ്ക്ക് പ്രതിവാക്യമില്ല.

581. ഖണ്ഡിപ്പിന്റെ ശുശ്രൂഷ നടത്തുന്നതെപ്പോൾ?

രണ്ടാം റൂശ്മായ്ക്കു ശേഷം തിരശീലയിടുന്നു. അതിനു ശേഷമാണ് ഈ ശുശ്രൂഷ നടത്തുന്നത്.

582. ഖണ്ഡിപ്പിന്റെ പ്രാർത്ഥനയുടെ ഉള്ളടക്കം എന്ത്?

മശിഹായുടെ മാനുഷികവ്യാപാരങ്ങളെക്കുറിച്ചുള്ള ഒരു വിശ്വാസപ്രമാണമാണ് ഖണ്ഡിപ്പിന്റെ പ്രാർത്ഥന. കർത്താവിന്റെ കഷ്ടാനുഭവമരണം ഉയർപ്പ് ഇവയുടെ അനുസ്മരണ നടത്തുന്നു.

583. ഖണ്ഡിപ്പ് നടത്തുന്നതെങ്ങനെ?

നടുവരയിൽകൂടി മുറിച്ച് രണ്ടു തുല്യഭാഗങ്ങളാക്കി V രൂപ
ത്തിൽ പിടിക്കുന്നു. പിന്നീട് മുഴുവൻ ഭാഗവും വേർപെടുത്തി,
കഷണങ്ങൾ കൂട്ടിച്ചേർത്ത് കാസായുടെ മുകളിൽ പിടിക്കുന്നു. വല
ത്തെ കഷണത്തിന്റെ കോൺ വീഞ്ഞിൽമുക്കി ഇടത്തേതിൽ കുത്തിയ
ശേഷം കുത്തിയും വരച്ചും തിരിച്ചും കുരിശടയാളം വരയ്ക്കുന്നു.
പിന്നീട് അവ ചേർത്തുപിടിച്ച് കുരിശുവരയ്ക്കുന്നു. പിന്നീട്

രണ്ടു കഷണങ്ങളുടെയും മുകളിൽനിന്ന് ഒരു ചെറുകഷണം ഒടിച്ച് കാസായിൽ ഇടുന്നു. രണ്ടാമത്തെകഷണം കാസായിൽമുക്കി കുരിശാകൃതിയിൽ ചേർത്തു പിടിച്ചിരിക്കുന്ന കഷണങ്ങളുടെ മുറിപാടിൽ തൊടുവിക്കുന്നു. അതിനുശേഷം പീലാസായിൽ വയ്ക്കുന്നു. പിന്നീട് വലിയ കഷണങ്ങൾ ചെറിയ കഷണങ്ങളായി പരസ്പരം വിട്ടുപേകാതെ മുറിയ്ക്കുന്നു.

584. ഖണ്ഡിപ്പിന്റെ ശുശ്രൂഷാ സമയത്ത് ജനങ്ങൾ എന്തുചെയ്യുന്നു?

കാസോലിക്കിയുടെ ഗാനങ്ങളും ചില ലുത്തിനിയാകളും ചൊല്ലുന്നു.

585. വി. കുർബാനയിൽ കർത്തൃ പ്രാർത്ഥന ചൊല്ലുന്നതെപ്പോൾ?

ഖണ്ഡിപ്പിന്റെ ശുശ്രൂഷയ്ക്കു ശേഷം. ഖണ്ഡിപ്പിന്റെ ശുശ്രൂഷ കർത്താവിന്റെകഷ്ടാനുഭവത്തേയും മരണത്തേയും ഉയിർത്തെഴുന്നേൽപ്പിനേയും കാണിക്കുന്നു. അതിനു ശേഷമേ-ദൈവത്തെ പിതാവേ! എന്നു വിളിക്കുവാനുള്ള അർഹത നമുക്കു ലഭിക്കുന്നുള്ളൂ. വേർതിരിവിന്റെ മറ നീക്കി ജനം സ്വർഗ്ഗസ്ഥനായ പിതാവിനെ പിതാവേ! എന്നു വിളിച്ചുകൊണ്ട് കർത്തൃപ്രാർത്ഥന ചൊല്ലുന്നു.

586. മൂന്നാമത്തെ ശ്ളോമ്മോ കൊടുക്കുന്നതെപ്പോൾ?

കർത്തൃപ്രാർത്ഥനയ്ക്കുശേഷം,

587. മൂന്നാം റൂശ്മാ നടത്തുന്ന സമയം?

രഹസ്യങ്ങളുടെ ആഘോഷത്തിനു തൊട്ടുമുമ്പ്.

588. രഹസ്യങ്ങളുടെ ആഘോഷത്തിനുവേണ്ടി തിരികളും മറുവഹസാകളും പിടിക്കുകയും ധൂപാർപ്പണം നടത്തുകയും ചെയ്യുന്നത് എന്തിനെ സൂചിപ്പിക്കുന്നു?

ഇത് കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെ അനുസ്മരിപ്പിക്കുകയും ഇരുവശത്തെയും തിരികൾ അപ്പോൾ വന്ന മാലാഖമാരെ സൂചിപ്പിക്കുകയും ചെയ്യുന്നു.

589. പീലാസാ ആഘോഷിക്കുന്നതിനുമുമ്പ് പട്ടക്കാരൻ മുത്തുന്നതെവിടെ?

തബ്ലൈത്തായുടെ തെക്കേകോണിൽ.

590. പീലാസാ ആഘോഷിക്കുന്നതെങ്ങനെ?

പീലാസാ ഉയർത്തി വലത്തുനിന്ന് ഇടത്തോട്ട് ഒരു വട്ടവും ഒരു കുരിശടയാളം വീണ്ടും ഒരുവട്ടവും വരച്ച് മുത്തി താഴെ വയ്ക്കുന്നു.

591. കാസാ ആഘോഷിക്കുന്നതിനു മുമ്പ് മുത്തുന്നതെവിടെ?



തബ്ലൈത്തായുടെ വടത്തേ കോണിൽ.

കൈകൾ ഉയർത്തി പ്രാർത്ഥി

592. വിശുദ്ധ കുർബാനയിൽ പട്ടക്കാരൻ ക്കുന്ന അവസരം ഏത്?

കാസാപീലാസകളുടെ മുടിയായ കബലാന മാററി കാസാപീലാസകൾ തുറന്നിരിക്കുമ്പോഴാണ് കാർമ്മികൻ കുർബാനയിൽ കൈകൾ ഉയർത്തി പ്രാർത്ഥിക്കുന്നത്.

593. കാസാ പീലാസ ആഘോഷിക്കുമ്പോൾ കുരിശു വരയ്ക്കുന്നു. കാരണം ?

പ്രതിവാക്യമായി ത്രിത്വനാമം ചൊല്ലുന്നതിനാലും കാസാ പീലാസകൾ കുരിശാകൃതിയിൽ ആഘോഷിക്കുന്നതിനാലും.

594. കാസാ ആഘോഷം നടത്തുന്നതെങ്ങനെ ?

രണ്ടു കൈകളും കൂടി കാസായുടെ തണ്ടിൽ പിടിച്ച് ഉയർത്തി കൊണ്ട് ഒരു കുരിശും വലത്തുനിന്ന് ഇടത്തോട്ട് ഒരു വട്ടവും ഒരു കുരിശും വരച്ച് മുത്തി തഴെ വയ്ക്കുന്നു.

595. കാസാ പീലാസകളുടെ ആഘോഷത്തിനുശേഷം എന്തു ചെയ്യുന്നു?

പിതാവ്, പുത്രൻ, പരിശുദ്ധ റൂഹ, ഇവരെക്കുറിച്ച് മൂന്നു പ്രസ്താവനകൾ നടത്തുന്നു. കാസായും പീലാസായും മൂടികൾ കൊണ്ട് മൂടുന്നു. അതിനുശേഷം ധൂപ പ്രാർത്ഥനകൾ നടത്തുന്നു.

596. കുക്കിലിയോനുകൾ എന്ത്?

ദൈവ മാതാവിന്റെയും, വിശുദ്ധന്മാരുടെയും, വാങ്ങിപ്പോയ പട്ടക്കാരുടെയും, വാങ്ങിപ്പോയവരുടെയും, സ്ളീബായുടെയും ഓർമ്മയ്ക്കായി ചൊല്ലുന്ന ധൂപ പ്രാർത്ഥനകൾ.

നടത്തുന്ന കു

597. ഞായറാഴ്ചകളിലും മാറാനായ പെരുനാളുകളിലും ക്കിലിയോനുകൾ ?

ദൈവമാതാവിന്റെയും, വിശുദ്ധന്മാരുടെയും, പട്ടക്കാരുടെയും, വാങ്ങിപ്പോയവരുടെയും, കുക്കിലിയോനുകൾ (ചിലപ്പോൾ സ്ലീബായുടേതും ചൊല്ലുന്നു)

598. പ്രസംഗം നടത്തേണ്ടതെപ്പോൾ ?

ഏവൻഗേലിക്കുശേഷം, സൗകര്യത്തെ പ്രതി കുക്കിലിയോൻ സമയത്തും പ്രസംഗം നടത്താം.

599. പട്ടക്കാരൻ കുർബാനാനുഭവം നടത്തുന്നതെപ്പോൾ ?

കാസാ പീലാസായുമായി പടിഞ്ഞാറേയ്ക്കു വരുന്നതിനു മുമ്പായി മറയിടുന്നു. ആ സമയത്താണ് കുർബാനാനുഭവം.

600. വി. കുർബാനയിൽ പെന്തിക്കോസ്തി ദിവസം പരിശുദ്ധ റൂഹാ ഇറങ്ങി വി. ശ്ലീഹന്മാരിൽ ആവസിച്ചതിനെ സൂചിപ്പിക്കുന്ന ഭാഗം?

സ്വർഗ്ഗാരോഹണ അനുസ്മരണത്തിനുശേഷം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും കൃപ നമ്മോടുകൂടെ ഉണ്ടായിരിക്കുന്നു എന്നുള്ള ഉദ്ബോധനം.

601. കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്ന ഭാഗം ഏത്?

വി. കുർബാന പടിഞ്ഞാറോട്ട് എഴുന്നെള്ളിക്കുന്നത്.

602. സമ്പൂർണ്ണമായ ഒരു ആരാധന?

വി. കുർബാന.

603. വി. കുർബാന സമ്പൂർണ്ണമായ ആരാധയെന്നു പറയുവാൻ കാരണം എന്ത്?

മനുഷ്യകുലത്തെ പ്രതിയുള്ള ദൈവത്തിന്റെ എല്ലാ പ്രവൃത്തികളും മനുഷ്യാവതാരത്തിന്റെ എല്ലാ ഘട്ടങ്ങളും രണ്ടാമത്തെ വരവുവരെയുള്ള എല്ലാ കാര്യങ്ങളുടെയും പ്രതിനിധാനവും വി. കുർബാനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതിനാലാണ് വി. കുർബാന സമ്പൂർണ്ണമായ ആരാധനയെന്നു പറയുവാൻ കാരണം.

604. പട്ടക്കാരൻ കുർബാന അനുഭവിക്കുന്നതെങ്ങനെ?

സ്പൂൺ ഉപയോഗിച്ച് കാസായിൽ കിടക്കുന്ന ശരീരം കോരി എടുക്കുന്നു പ്രാർത്ഥന ചൊല്ലി അത് അനുഭവിക്കുന്നു. വീണ്ടും പീലാസയിൽ ഇരിക്കുന്ന ശരീരം കാസായിൽ ഇടുന്നു കാസായിൽ നിന്ന് സ്പൂൺകൊണ്ട് രക്തം അനുഭവിക്കുന്നു.

605. പട്ടക്കാരൻ കുർബാനയുമായി പടിഞ്ഞാറേയ്ക്കു വരുന്നതെന്തിന്?

വിശ്വാസികൾക്ക് നല്കുവാൻ.

606. കാസാപീലാസകൾ പടിഞ്ഞാറേയ്ക്ക് എഴുന്നള്ളിച്ചശേഷമുള്ള പ്രാർത്ഥനകളിൽ കൈകൾ ഉയർത്തുന്നില്ല. കാരണമെന്ത്?

പൂജാപാത്രങ്ങൾ മൂടപ്പെട്ടാണ് ഇരിക്കുന്നത്.

607. ഏതൊക്കെ പിതാക്കന്മാരുടെ ഹുത്തോമോ കുർബാനയിൽ ഉപയോഗിക്കുന്നു?

മാർ യാക്കോബിന്റെയും മാർ അപ്രേമിന്റെയും.

608. യാത്രയയപ്പിനായി ചൊല്ലുന്ന വാഴ്‌വിൽ എത്ര കുരിശുവരകൾ ഉണ്ട്?

മൂന്ന്.

609. കുർബാനയ്ക്കുശേഷം ജനങ്ങൾ പിരിയുന്നതെങ്ങനെ?

സേലൂൻ ബശ്ളോമ്മോ കഴിഞ്ഞാൽ 'അഗ്നിമയന്മാർ' എന്നുള്ള ഗീതമാണ് ചൊല്ലേണ്ടത് (Post communim service) അതിന്റെ എല്ലാം അവസാനം ചൊല്ലുന്ന കർത്തൃ പ്രാർത്ഥന ചൊല്ലി പിരിയുകയാണ് ചെയ്യുന്നത്.



610. കുർബാനാനുഭവാനന്തര ശുശ്രൂഷ നടത്തുന്ന രീതി?

കാപ്പമാത്രം മാററിക്കൊണ്ട് പീലാസായിൽ അവശേഷിച്ചിരിക്കുന്ന കഷ്ണങ്ങൾ അനുഭവിക്കുന്നു. മസുമൂറുകളും പ്രാർത്ഥനകളും ചൊല്ലി കാസാപീലാസകൾ കഴുകി വൃത്തിയാക്കുന്നു.

611. ബലിപീഠത്തോടുള്ള യാത്രപറച്ചിൽ നടത്തുന്നതെങ്ങനെ?

പുശ്ബശ്ലോമ്മോ എന്നാരംഭിക്കുന്ന മൂന്നു വാചകങ്ങൾ ചൊല്ലി ബലിപീഠം മുത്തുന്നു. വിരികൂട്ടം മടക്കി തബ്ലൈത്താമേൽ വയ്ക്കുന്നു.

612 ബുർക്ക്സാ എന്നാൽ എന്ത്?

വാഴ്ത്തപ്പെട്ട അപ്പം. കുർബാനയ്ക്കായി എടുത്തതിനു ശേഷം മിച്ചംവരുന്ന അപ്പം ബുർക്സായായി വാഴത്തി ഭക്ഷിക്കുന്നു. ബുർക്സാ അപ്പം ഭക്ഷിക്കുന്നത് agape meal ന്റെ മറ്റൊരു രീതിയാണ്. മററു സഭകളിൽ കുർബാനയ്ക്കു കൊണ്ടു വരുന്ന അപ്പത്തിൽ ആവശ്യം കഴിഞ്ഞുള്ള അപ്പമാണ് വാഴ്ത്തി ബുർക്സാ ആയി കൊടുക്കുന്നത്.

613. മേല്പട്ടക്കാരൻ കുർബാന ചൊല്ലുമ്പോൾ ഉള്ള പ്രത്യേകതകൾ എന്തെല്ലാം?

1 മേല്പട്ടക്കാരന്റെ സ്ഥാനവസ്ത്രങ്ങളിലുള്ള പ്രത്യേകത.

2. മറിയാം ദീലേത്തോക്ക് ചൊല്ലുമ്പോൾ തിരി പിടിക്കുന്ന ശുശ്രൂഷകൻ അംശവടിയും പിടിക്കുന്നു.

3. ഏവൻഗേലി സമയത്തും ധൂപക്കുററി വാഴ്ത്തുന്ന സമയത്തും ശീലമുടി പുറകോട്ടിടണം

4. ശോശാപ്പാ ആഘോഷത്തിനുമുമ്പും ശീലമുടി ഇടുന്നില്ല.

5. തുബ്ദേൻ സമയത്ത് ശുശ്രൂഷക്കാരൻ അംശവടി പിടിക്കുന്നു.

6. സേലൂൻബശ്ലോമോ പറയുമ്പോൾ അംശവടിയും സ്ളീബായും പിടിക്കുന്നു. കാസായുടെയും പീലാസായുടെയും മൂടികൾ നീക്കുന്നതോടുകൂടി മേല്പട്ടക്കാരന്റെ ശീലമുടി നീക്കിയാൽ പിന്നീട് കാസായും പീലാസായും മൂടുന്നതുവരെ ശീലമുടി ഇടാറില്ല. രഹസ്യങ്ങൾ തുറന്നിരിക്കുമ്പോൾ ശീലമുടികൊണ്ടു മേല്പട്ടക്കാരൻ തല മൂടുന്നില്ല. രഹസ്യങ്ങൾ മൂടിയിരിക്കുമ്പോൾ മേല്പട്ടക്കാരൻ ശീലമുടി കൊണ്ട് തലമൂടിയുരിക്കും.